**പതിമൂന്നാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 1162

08.02.2013 ൽ
മറുപടിക്ക്

## ക്ലെമന്റ്സ് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി

**ചോദ്യം**
**ശ്രീ.പി.സി.വിഷ്ണുനാഥ്**

**ഉത്തരം**
**ശ്രീ. പി.കെ. അബ്ദുറബ്ബ്**
**ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി**

| ചോദ്യം | ഉത്തരം |
|---|---|
| എ) അടൂർ വിദ്യാഭ്യാസ ഉപജില്ലയിൽ ഉൾപ്പെട്ട തെങ്ങമം യു.പി.സ്കൂളിൽ, അദ്ധ്യാപികയായിരുന്ന ശ്രീമതി. സി.എസ്. രമാദേവിയുടെ പേര് റൂൾ 51 എ പ്രകാരം ക്ലെമന്റ്സ് ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ടുകൊണ്ട് 14.06.2012 ൽ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നൽകിയ അപേക്ഷയിന്മേൽ, നാളിതുവരെ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ; | എ) ശ്രീമതി.സി.എസ്.രമാദേവിയുടെ പരാതി, 51എ യുടെ ക്ലെമന്റ്സ് ലിസ്റ്റിൽ ഉൾപ്പെടുത്തി, വെബ്സൈറ്റിൽ കൊടുത്ത് ആയതിന്മേൽ പരാതിയുണ്ടെങ്കിൽ അവ പരിഹരിച്ച് അന്തിമ ലിസ്റ്റ് പ്രസദ്ധീകരിക്കണമെന്ന് ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർക്ക് പൊതു വിദ്യാഭ്യാസ ഡയറക്ടർ നിർദ്ദേശം നല്കിയിട്ടുണ്ട്. |
| ബി) പ്രസ്തുത അദ്ധ്യാപികയുടെ പേര് അദ്ധ്യാപക പാക്കേജിൽ ഉൾപ്പെട്ട റൂൾ 51 എ പ്രകാരം ക്ലെമന്റ്സ് ലിസ്റ്റിൽ ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ, കാരണം വെളിപ്പെടുത്താമോ ? | ബി) നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ